**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3784** **06-08-2021 - ൽ മറുപടിയ്ക്ക്**

**ദുരിതാശ്വാസ നിധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എൻ എ നെല്ലിക്കുന്ന്** | | **Shri K. Radhakrishnan**<br>**(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കക്ഷേമ വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ആർക്കൊക്കെ സഹായങ്ങൾ അനുവദിക്കാറുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | ബഹു.വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും പട്ടികജാതി വിഭാഗക്കാർക്കും പട്ടികവർഗ്ഗ വിഭാഗക്കാർക്കും ചികിത്സാ ധനസഹായം, ഏകവരുമാനദായകൻ മരണപ്പെട്ട കുടുംബത്തിന് ധനസഹായം, തീപ്പിടുത്തം, പ്രകൃതിക്ഷോഭം മുതലായവ മൂലം വീട്, വസ്തുവകകൾ നഷ്ടമാകുന്നവർക്ക് ധനസഹായം എന്നിവ അനുവദിച്ചു വരുന്നുണ്ട്. |
| (ബി) | ഏതെല്ലാം ആവശ്യങ്ങൾക്ക് വേണ്ടിയാണ് സഹായം അനുവദിക്കാറുള്ളതെന്നും പരമാവധി നൽകുന്ന തുക എത്രയാണെന്നും വ്യക്തമാക്കാമോ; | (ബി) | മാരക രോഗങ്ങൾ ബാധിച്ചവരും അത്യാഹിതങ്ങളിൽപ്പെട്ടവരുമായ 1,00,000/- രൂപയിൽ (ഒരു ലക്ഷം രൂപ മാത്രം) താഴെ വാർഷിക വരുമാനമുള്ള പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ആരോഗ്യ സുരക്ഷാ പദ്ധതി പ്രകാരം 50,000/-രൂപ (അമ്പതിനായിരം രൂപ മാത്രം) വരെ ചികിത്സാ ധനസഹായം അനുവദിക്കുന്നുണ്ട്. ഹൃദയ ശസ്ത്രക്രിയ, ക്യാൻസർ, കിഡ്നി തകരാർ മുതലായ ഗുരുതരമായ രോഗങ്ങൾക്ക് പരമാവധി 1,00,000/-രൂപ (ഒരു ലക്ഷം രൂപ മാത്രം) വരെ ആശുപത്രി മുഖാന്തിരം നൽകി വരുന്നുണ്ട്. കുടുംബത്തിലെ ഒരു ലക്ഷം രൂപയിൽത്താഴെ വാർഷിക വരുമാനമുള്ള ഏകവരുമാനദായകൻ മരണപ്പെട്ട കുടുംബങ്ങൾക്ക് പരമാവധി 2,00,000/-രൂപയും, തീപ്പിടുത്തം മൂലം വീട് നഷ്ടപ്പെടുക, പ്രകൃതിക്ഷോഭം മൂലം വസ്തുവകകൾക്ക് നഷ്ടമുണ്ടാകുക എന്നിവയ്ക്ക് 50,000/-രൂപ വരെയും ധനസഹായം നൽകുന്നുണ്ട്. പട്ടികവർഗ്ഗ കുടുംബത്തിലെ വരുമാനദായകനായ വ്യക്തി രോഗം മൂലമോ അപകടം മൂലമോ മരണപ്പെട്ടാൽ അത്തരം കുടുംബങ്ങൾക്ക് 2,00,000/-രൂപ ധനസഹായം അനുവദിക്കുന്നുണ്ട്. അപകടത്തെ തുടർന്ന് ചികിത്സയിൽ കഴിയുകയാണെങ്കിൽ 25,000/-രൂപ അടിയന്തിര ചികിത്സാ ധനസഹായം അനുവദിക്കുന്നു. ക്യാൻസർ, ഹൃദയശസ്ത്രക്രിയ, |

| | | | |
|---|---|---|---|
| | | | വൃക്കമാറ്റിവയ്ക്കൽ, ഡയാലിസിസ്, ബ്രെയിൻ ട്യൂമർ, പക്ഷാഘാതം, ഹീമോഫീലിയ തുടങ്ങിയ മാരകരോഗങ്ങളുടെ ചികിത്സയ്ക്കായി ഒരു ലക്ഷം രൂപ വരെ ധനസഹായം അനുവദിക്കുന്നു. മറ്റ് രോഗങ്ങൾക്ക് രോഗത്തിന്റെ തീവ്രത അനുസരിച്ച് 50,000/-രൂപ വരെ ചികിത്സാ സഹായം അനുവദിക്കുന്നു. തീപ്പിടുത്തംമൂലം വീട് നഷ്ടപ്പെടുക, പ്രകൃതിക്ഷോഭം മൂലം വസ്തുവകകൾക്ക് നഷ്ടമുണ്ടാകുക, എന്നിവയ്ക്ക് 50,000/-രൂപ വരെ ധനസഹായം അനുവദിക്കുന്നു. |
| (സി) | സഹായം ലഭ്യമാക്കാനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും അപേക്ഷിക്കേണ്ട രീതി എങ്ങനെയാണെന്നും വ്യക്തമാക്കാമോ? | (സി) | സഹായം ലഭ്യമാക്കാനുള്ള മാനദണ്ഡങ്ങളും അപേക്ഷിക്കേണ്ട രീതിയും അനുബന്ധമായി ചേർത്തിട്ടുണ്ട് |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**പട്ടികജാതി വിഭാഗം**

- ചികിത്സാ ധനസഹായം ലഭ്യമാക്കാനായി ഒരു ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള അപേക്ഷകർ നിശ്ചിത ഫോറത്തിലുള്ള അപേക്ഷയോടൊപ്പം ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ, റേഷൻ കാർഡ്, ആധാർ കാർഡ്, ബാങ്ക് അക്കൗണ്ട് പാസ്സ് ബുക്ക് ഇവയുടെ പകർപ്പുകൾ, ചികിത്സാ രേഖകൾ/ ഡോക്ടറുടെ മെഡിക്കൽ സർട്ടിഫിക്കറ്റ് എന്നീ രേഖകൾ സഹിതം അക്ഷയ കേന്ദ്രങ്ങളിലൂടെ സൗജന്യമായി ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതോടൊപ്പം അക്ഷയ കേന്ദ്രങ്ങളിൽ നിന്ന് ലഭിക്കുന്ന പ്രിന്റ് പ്രസ്തുത അപേക്ഷ സഹിതം ബന്ധപ്പെട്ട ബ്ലോക്ക്/മുനിസിപ്പൽ കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർക്ക് സമർപ്പിക്കണം.
- ഏകവരുമാനദായകൻ മരണപ്പെട്ട കുടുംബങ്ങൾക്കുള്ള ധനസഹായം ലഭിക്കുന്നതിനായി അപേക്ഷ ജാതി, വരുമാന സർട്ടിഫിക്കറ്റ്, മരണ സർട്ടിഫിക്കറ്റ്, മരണപ്പെട്ട വ്യക്തി കുടുംബത്തിലെ ഏകവരുമാനദായകനായിരുന്നുവെന്ന ബന്ധപ്പെട്ട തഹസീൽദാരുടെ സാക്ഷ്യപത്രം, റേഷൻ കാർഡിന്റെ പകർപ്പ്, ബാങ്ക് അക്കൗണ്ട് രേഖകൾ തുടങ്ങിയവ സഹിതം ബന്ധപ്പെട്ട ബ്ലോക്ക്/മുനിസിപ്പൽ/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർക്ക് നൽകണം. മരണം നടന്ന് രണ്ട് വർഷത്തിനുള്ളിലോ കുടുംബത്തിലെ മറ്റൊരു അംഗം വരുമാനദായകൻ ആകുന്നതുവരെയോ ഏത് ആദ്യം അതുവരെയുള്ള സമയപരിധിയ്ക്കുള്ളിൽ അപേക്ഷ സമർപ്പിച്ചിരിക്കണം. അപേക്ഷകൻ മരണപ്പെട്ടയാളുടെ അവകാശിയാണെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.
- തീപിടുത്തം മൂലം വീട് നഷ്ടപ്പെടുക, പ്രകൃതിക്ഷോഭം മൂലം വസ്തുവകകൾക്ക് നഷ്ടമുണ്ടാകുക, എന്നിവയ്ക്ക് അപേക്ഷകന്റെ ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, ബന്ധപ്പെട്ട തഹസീൽദാരുടെ റിപ്പോർട്ട് എന്നിവ അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

**പട്ടികവർഗ്ഗ വിഭാഗം**

- ചികിത്സാധനസഹായം ലഭിക്കുന്നതിനായി നിശ്ചിത ഫാറത്തിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.അപേക്ഷയോടൊപ്പം അപേക്ഷകന്റെ/ അപേക്ഷകയുടെ ജാതി വരുമാന സർട്ടിഫിക്കറ്റുകൾ, റേഷൻ കാർഡ്/ആധാർ കാർഡ് പകർപ്പുകൾ, ആശുപത്രി മേധാവി സാക്ഷ്യപ്പെടുത്തിയ ചികിത്സാ രേഖകളും അസൽ ബില്ലുകളും, ചികിത്സ നടത്തിയത് സ്വകാര്യ ആശുപത്രിയിലാണെങ്കിൽ ഗവ.മെഡിക്കൽ ഓഫീസറിൽ നിന്നും ലഭ്യമാക്കിയ മെഡിക്കൽ സർട്ടിഫിക്കറ്റ്, ചികിത്സാവശ്യത്തിനായി പഞ്ചായത്തിൽ നിന്നും ധനസഹായം അനുവദിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കേണ്ടതാണ്.
- ചികിത്സാധനസഹായം അനുവദിക്കുന്നതിനുള്ള വരുമാനപരിധി നിലവിൽ ഒരു ലക്ഷം രൂപയാണ്.
- ക്യാൻസർ, ഹൃദയശസ്ത്രക്രിയ, വൃക്കമാറ്റിവയ്ക്കൽ, ഡയാലിസിസ്, ബ്രെയിൻ ട്യൂമർ, പക്ഷാഘാതം, ഹീമോഫീലിയ തുടങ്ങിയവയ്ക്ക് അനുവദിക്കുന്ന തുക രോഗി ചികിത്സയിലിരിക്കുന്ന ആശുപത്രിയിലെ ഡോക്ടറുടെ സർട്ടിഫിക്കറ്റ്, ചികിത്സയ്ക്ക് വേണ്ടി വരുന്ന ചെലവ് സംബന്ധിച്ച ആശുപത്രി അധികൃതർ നൽകുന്ന എസ്റ്റിമേറ്റ് എന്നിവയുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ആശുപത്രിയ്ക്ക് നൽകുന്നു
- പട്ടികവർഗ്ഗ പ്രൊമോട്ടർമാർ, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ, പി.ഒ/ടി.ഡി.ഒ-മാർ, ജനപ്രതിനിധികൾ എന്നിവർ മുഖേനയോ ബഹു.വകുപ്പ്മന്ത്രിയ്ക്ക് നേരിട്ടോ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ